No. CEE/3600/ KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2021

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

2021–ലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ (ബി.ആർക്ക്), ഫാർമസി (ബി.ഫാം) കോഴ്സുകളിലെ പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

2021 ആഗസ്റ്റ് 5–ാം തീയതി നടത്തിയ സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ സ്കോർ 17.09.2021 ന് പ്രസിദ്ധീകരിച്ചിരുന്നു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ അവരുടെ രണ്ടാം വർഷ പ്ലസ് ടു/തത്തുല്യ പരീക്ഷയിലെ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ 51031 വിദ്യാർത്ഥികളിൽ 47629 വിദ്യാർത്ഥികൾ അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ സ്കോറിനും പ്രോസ്പെക്ടസ് ക്ലോസ് **9.7.4 (b) (iii)** പ്രകാരം സ്റ്റാൻഡർഡൈസേഷനു വിധേയമാക്കിയ യോഗ്യതാ പരീക്ഷയിലെ മാർക്കിനും തുല്യ പരിഗണന നൽകിക്കൊണ്ടാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

സ്റ്റാൻഡൈസേഷൻ പ്രക്രിയയ്ക്കു ആവശ്യമായ Statistical Parameters ചില ബോർഡുകളിൽ നിന്ന് ലഭിച്ചിട്ടില്ല. 07.06.2017 ലെ സ.ഉ.(സാധാ)നം.10/61/2017/ഉ.വി.വ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള മാനദണ്ഡം അനുസരിച്ചാണ് അത്തരം ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ മാർക്കിന്റെ സ്റ്റാൻഡൈസേഷൻ നിർണ്ണയിച്ചത്.

കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ **(NATA)** സ്കോറിനും യോഗ്യതാ പരീക്ഷയിലെ മാർക്കിനും തുല്യ പരിഗണന നൽകിക്കൊണ്ട് പ്രോസ്പെക്ടസ് **ക്ലോസ് 9.7.4 (c)** പ്രകാരമാണ് ആർക്കിടെക്ചർ **(ബി.ആർക്ക്)** കോഴ്സിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ പേപ്പർ– I (ഫിസിക്സ് & കെമിസ്ട്രി) ന്റെ മാർക്കിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് **9.7.4 (f)** പ്രകാരം കണക്കാക്കിയ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഫാർമസി (ബി.ഫാം) കോഴ്സിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

അപേക്ഷയിലെ അപാകതകൾ മൂലവും മറ്റ് പല കാരണങ്ങളാലും മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് **ക്ലോസ് 6.2** പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന

സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ (ബി.ആർക്ക്) റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനായി പരിഗണിക്കപ്പെട്ട യോഗ്യതാ പരീക്ഷയിലെ മാർക്ക് വിവരങ്ങളും പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. സമർപ്പിക്കപ്പെട്ട മാർക്ക് വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കണ്ടെത്തുന്ന പക്ഷം പരീക്ഷാർത്ഥിത്വം റദ്ദാകുന്നതാണ്.

മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റുകളെ അടിസ്ഥാനപ്പെടുത്തിയുള്ള കാറ്റഗറി ലിസ്റ്റുകൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം

07.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**